**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6698** **11-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. പെൻഷന് അപ്പർ ലിമിറ്റ് സീലിംഗ് ഏർപ്പെടുത്തുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർക്ക് പ്രതിമാസ പെൻഷൻ തുക കൃത്യമായി ലഭ്യമാക്കുന്നതിന് സർക്കാരിന് ബാധ്യതയുണ്ടോ; | (എ) | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വീസ് മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കെ.എസ്. ആർ.ടി.സി.യിലെ പെൻഷൻ വിതരണത്തിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സർക്കാർ മുൻ കൈയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ മുടക്കം കൂടാതെ നൽകി വരികയും ചെയ്യുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ചിട്ടുള്ള വായ്പാ വിഹിതത്തിൽ നിന്നും സഹകരണ ബാങ്കുകൾക്ക് അനുവദിക്കുന്നുണ്ട്. |
| (ബി) | കൂടിയ പെൻഷൻ തുകയും കുറഞ്ഞതും തമ്മിലുള്ള അന്തരം കുറച്ച് കൊണ്ടുവരുന്നതിന് പെൻഷന് അപ്പർ ലിമിറ്റ് സീലിംഗ് ഏർപ്പെടുത്തുവാൻ ആലോചനയുണ്ടോ; | (ബി) | ഇക്കാര്യം തീരുമാനിച്ചിട്ടില്ല. |
| (സി) | ഉയർന്ന പെൻഷൻ സ്വീകർത്താക്കൾക്ക് സീലിംഗ് ഏർപ്പെടുത്തുന്നത് എന്ന് മുതലാണെന്ന് അറിയിക്കുമോ; | (സി) | ഇക്കാര്യം തീരുമാനിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത നടപടികൊണ്ടു പ്രതിമാസ പെൻഷൻ കൃത്യമായി വിതരണം നടത്താനാകുമോ എന്നറിയിക്കുമോ? | (ഡി) | ഇക്കാര്യം തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ